# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1341     21.03.2013 ലെ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് നഗരസഭയിലെ മിനി സിവിൽ സ്റേറഷന്റെ നിർമ്മാണം**

| **ചോദ്യം**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ** | **ഉത്തരം**<br>**(ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്)**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
|---|---|
| (എ) കാഞ്ഞങ്ങാട് നഗരസഭയിൽ നിർമ്മിക്കുന്ന മിനി സിവിൽ സ്റ്റേഷന്റെ ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം പൂർത്തിയായിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) പൂർത്തിയായിട്ടില്ല. |
| (ബി) പ്രസ്തുത നിർമ്മാണത്തിന്റെ ടെണ്ടർ നൽകിയ തീയതിയും കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കേണ്ട തീയതിയും അറിയിക്കുമോ; | (ബി) ടെണ്ടർ തീയതി - 02.01.2009.<br>നിർമ്മാണം പൂർത്തിയാക്കേണ്ട തീയതി -31.05.2011. |
| (സി) നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ കാരണം അറിയിക്കുമോ; | (സി) കരാറുകാരൻ ഇടയ്ക്ക് വെച്ച് പ്രത്യേക കാരണമില്ലാതെ പണി നിർത്തിവെച്ചു. |
| (ഡി) നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം വരുത്തിയതിന്റെ പേരിൽ കരാറുകാരനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (ഡി) കരാറുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. കാലതാമസം വരുത്തിയതിനുള്ള നടപടിയോടു കൂടി ബാക്കിപണികൾ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) മിനി സിവിൽ സ്റ്റേഷന്റെ ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ? | (ഇ) 28.01.2014-ൽ മിനി സിവിൽ സ്റ്റേഷന്റെ ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**